"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരളീയ പ്രവാസികാര്യ വകുപ്പ് - 2025-26 സാമ്പത്തിക വർഷത്തിലെ 24 മണിക്കൂർ ഹെൽപ്പ്ലൈൻ / കാൾ സെന്റർ (പ്ലാൻ) പദ്ധതിക്കായി തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കേരളീയ പ്രവാസികാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.678/2025/NORKA തീയതി,തിരുവനന്തപുരം, 19-06-2025

---

പരാമർശം:- 1. സ.ഉ.(സാധാ.)നമ്പർ 651/2025/നോർക്ക തീയതി 10.06.2025.

2. നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 16.06.2025 തീയതിയിലെ റൂട്ട്സ്/1561/2024-എഡി2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരളീയ പ്രവാസികാര്യ വകുപ്പിന് കീഴിൽ നോർക്ക-റൂട്ട്സ് മുഖാന്തിരം വിദേശ മലയാളികളുടെ പരാതികൾ പരിഹരിക്കുക, വിഷമഘട്ടങ്ങളിലുള്ളവർക്ക് കൗൺസെലിംഗ് നടത്തുക, വിദേശത്ത് പോകുന്നവർക്കും പോകാൻ സാധ്യതയുള്ളവർക്കും നിയമാനുസൃതമായി കുടിയേറ്റത്തിനെക്കുറിച്ചും ചൂഷണങ്ങളെക്കുറിച്ചും ബോധവത്ക്കരണം നടത്തുക തുടങ്ങി സർക്കാരും നോർക്ക-റൂട്ട്സും നടത്തുന്ന വിവിധ പദ്ധതികളെക്കുറിച്ച് വിവര വ്യാപന നടത്തുക എന്ന ഉദ്ദേശത്തോടുകൂടി 24 മണിക്കൂർ ഹെൽപ്പ് ലൈൻ / കാൾ സെന്റർ പദ്ധതി നടപ്പാക്കി വരുന്നു.

2) 24 മണിക്കൂർ ഹെൽപ്പ് ലൈൻ / കാൾ സെന്റർ പദ്ധതിക്ക് 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായ 1,00,00,000/- (ഒരു കോടി രൂപ മാത്രം) രൂപ 2230-01-103-14 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിച്ച് നടപ്പാക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. ടി ഭരണാനുമതി നൽകിയ തുകയിൽ നിന്നും ആദ്യ ഗഡുവായി ₹75,൦൦,൦൦൦/- (എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) 2230-01-103-14 (പ്ലാൻ) എന്ന ശീർഷകത്തിൽ അനുവദിച്ച് നൽകണമെന്ന് പരാമർശം (2) പ്രകാരം നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. "24 മണിക്കൂർ ഹെൽപ്പ് ലൈൻ / കാൾ സെന്റർ" പദ്ധതിക്കായി 2025-26 സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ച 1,00,00,000/- (ഒരു കോടി രൂപ മാത്രം) രൂപയിൽ നിന്നും ആദ്യ ഗഡുവായി ₹75,൦൦,൦൦൦/- (എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) 2230-01-103-14 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിച്ച് ടി പദ്ധതി നടപ്പാക്കുന്നതിന് നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ അനുവദിച്ചുകൊണ്ടും ടി തുക 010167D061 എന്ന ഡി.ഡി.ഒ കോഡ് വഴി പിൻവലിക്കുന്നതിന് നോർക്ക-റൂട്ട്സ് ഡി.ഡി.ഒ. ആയ ഫിനാൻസ് & അക്കൗണ്ട്സ് മാനേജർക്ക് അനുമതിയും നൽകി

ഇതിനാൽ ഉത്തരവാകുന്നു.

4) ഫണ്ട് പിൻവലിക്കുന്നതുമായി ബന്ധപ്പെട്ടുള്ള നിലവിലെ എല്ലാ വ്യവസ്ഥകളും നിബന്ധനകളും കൃത്യമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി സുനിൽ കുമാർ
അഡിഷണൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക -റൂട്ട്സ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
കേരളീയ പ്രവാസികാര്യ (ബി 1) വകുപ്പ്
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു.) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Githin. S. V
Date: 19-06-2025 15:12:13

സെക്ഷൻ ഓഫീസർ